ശ്രീ. കെ. എം. ജോർജ്ജ് : പാലം ഇപ്പോഴും അപകടത്തിലാണെന്നും വ്യംഗ്യധ്വനി സഭാതിച്ചിരിക്കേ ലോറിയും ബസ്സുകളും അതിൽക്കൂടി കടത്താതിരിക്കാൻ ഉത്തരവു കൊടുക്കുമോ ?

ശ്രീ. അബ്ദുറഹിമാൻ മന്ത്രി : അതിനെപ്പറ്റി അന്വേഷിച്ചു വേണ്ടതു ചെയ്യാം.

ജീവാപായം നടത്താൻ ശ്രമിച്ചവരുടെ പേരിലുള്ള പരാതികൾ.

*1620. [15] ശ്രീ. ടി. ഒ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് വില്ലേജിൽ ശ്രീ. കെ. എ. ജോർജ്ജ് എന്ന ഹൈസ്കൂൾ അദ്ധ്യാപകനെ വധിക്കാനായി ഒരു ശ്രമം 1959 ഏപ്രിൽ 16-ാം തീയതി പള്ളിക്കരവച്ചു നടന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തുടർന്നു പല ദിവസങ്ങളിലും ഈ അക്രമത്തിനു് ഒരുമ്പെട്ടുകൊണ്ടു് ചിലർ അദ്ദേഹത്തെ കാത്തിരിക്കുന്നതായി സർക്കാരിനു പരാതി കിട്ടിയോ ;

(സി) പള്ളിക്കരതന്നെ 21-4-1959-ൽ യാക്കോബു എന്ന ഒരു കാൺട്രാക്ടർ പ്രവർത്തകനെയും പിതാവിനെയും ആക്രമിക്കാൻ ഒരുമ്പെട്ടതായി ഒരു പരാതിയുണ്ടായിട്ടുണ്ടോ ;

(ഡി) 1959 ഏപ്രിൽ 22-ാം തീയതി രാത്രി ഔസേപ്പ്, കുഞ്ഞവറുദീസ് എന്നിവരെ അക്രമികൾ കയ്യേറ്റം ചെയ്തുകയും, വറുദീസിനെയും അദ്ദേഹത്തിന്റെ പിതാവിനെയും കുത്തുകയും അടിക്കുകയും ചെയ്തതായി ഒരു പരാതിയുണ്ടായിട്ടുണ്ടോ ;

(ഇ) ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചോ ;

(എഫ്) ഇതിനു പോലീസ് എന്തെല്ലാം നടപടി എടുത്തു ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഉവ്വ്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉവ്വ്. രണ്ടുപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

(എഫ്) കേസുകൾ രജിസ്റ്റർ ചെയ്യുകയും സമാധാന ലംഘനം ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ടെന്നാണ് അറിയുന്നതു്.

ശ്രീ. ടി. ഒ. ബാവ : ഈ അക്രമികളുടെ പേരിൽ കാര്യക്ഷമമായിയാതൊരു നടപടിയും എടുക്കാത്തതുകൊണ്ടു് അവർ ഇപ്പോഴും അക്രമപ്രേരിതരായി നടക്കുകയാണെന്നു ഗവണ്മെൻറു മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ല. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതനുസരിച്ചു് അതിനെപ്പറ്റി അന്വേഷിച്ചു് വേണ്ട നടപടി എടുക്കാം.

ശ്രീ. ടി. ഒ. ബാവ : കെ. എ. ജോർജ്ജ് എന്ന അദ്ധ്യാപകനെ മുമ്പൊരവസരത്തിൽ ഈ അക്രമികൾ അടിച്ചു് പരുക്കേൽപ്പിച്ചുവെന്നും അതിനു് അവരെ ശിക്ഷിച്ചിട്ടുണ്ടെന്നും ഗവണ്മെൻറിനറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അറിവില്ല.

ശ്രീ. ടി. ഒ. ബാവ : ഈ അദ്ധ്യാപകനു് ജീവഹാനി സംഭവിക്കാതിരിക്കാനുള്ള സഹായങ്ങളും ചെയ്യുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെയുള്ള സഹായങ്ങളും ഗവണ്മെന്റിനു ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ടു് .

Shri E. P. Poulose : A point of order. When the question is a matter concerning law and order, how is it that the Education Minister gives the answer : is it simply because the victim happens to be a teacher ?

Mr. Speaker: The department is interested in protecting the rights of the teacher and so he is entitled to give the answer.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : അദ്ധ്യാപകനെ വധിക്കുന്നതിനു് ഒരു ശ്രമം നടന്നുവെന്നും കേസ്സെടുത്തുവെന്നും പറഞ്ഞു. അങ്ങനെ വധിക്കാൻ ശ്രമം നടത്തിയ ആളുകളെ അറസ്റ്റു ചെയ്യുകയുണ്ടായോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പരാതികളും ലഭിച്ചിട്ടുണ്ടോ എന്നാണു് ചോദ്യം. പരാതികളും ലഭിച്ചിട്ടുണ്ടെന്നു പറഞ്ഞു. പിന്നെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ള വിവരവും പറഞ്ഞു. അതിൽ കവിഞ്ഞുള്ള വിവരങ്ങളും വേറെ ചോദ്യം ചോദിച്ചാലെ പറയാൻ സാധിക്കയുള്ളു.

ഭവന നിർമ്മാണം.

*1621. [16] ശ്രീ. കെ. കൊച്ചുകുട്ടൻ : :താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1958–59 ഈ സാമ്പത്തികവർഷത്തിൽ പട്ടികജാതിക്കാർക്കായി സ്റ്റോറിൽ എത്ര വീടുകളും ഗവണ്മെൻറിൽനിന്നും വയ്പിച്ചു ; പട്ടികവർഗ്ഗക്കാർക്കായി എത്ര വീടുകളും വയ്പിച്ചു ;

(ബി) അതിൽ തൃശ്ശൂർ താലൂക്കിലേക്കു് അനുവദിച്ച വീടുകളും എത്ര ; എല്ലാത്തിന്റെയും പണി കഴിഞ്ഞുവോ ;

(സി) തൃശ്ശൂക്കു് അനുവദിച്ചതിൽ തലപ്പള്ളിതാലൂക്കിൽ പട്ടികജാതിക്കാർക്കായി പണികഴിപ്പിച്ച വീടുകളെത്ര ; പട്ടികവർഗ്ഗക്കാർക്കായി പണികഴിപ്പിച്ച വീടുകളെത്ര ; എവിടെയെല്ലാം ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

ഈ ചോദ്യത്തിന്റെ ഉത്തരം മുഴുവൻ കിട്ടിക്കഴിഞ്ഞിട്ടില്ല. കിട്ടിയിടത്തോളം വിവരങ്ങൾ പറയാം.

മി. സ്പീക്കർ : വിവരങ്ങൾ മുഴുവൻ കിട്ടിയിട്ടില്ലെങ്കിൽ അതു പറയാതിരിക്കുകയാണു് ഭേദമെന്നു ഇന്നലെ പ്രതിപക്ഷനേതാവു പറഞ്ഞിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : എല്ലാ ചോദ്യങ്ങളേയും അതു ബാധിച്ചു എന്നു വരികയില്ല. ചില ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം അപൂർണ്ണമായ വിവരങ്ങൾ തെറ്റിദ്ധാരണയ്ക്കു് ഇടയാക്കുമെന്നു വെച്ചാണു് അങ്ങനെ പറഞ്ഞിട്ടുള്ളതു്.

ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാടു് : അതിന്റെ കാര്യത്തിൽ ഒരു ക്ലിയർ ഡയറക്ഷൻ കിട്ടിയാൽ തരക്കേടില്ല, മുഴുവൻ വിവരവും കിട്ടിയിട്ടില്ല, ഉള്ളിടത്തോളം വിവരം നൽകാമെന്നു പറഞ്ഞാൽ അതു ആക്ഷേപം, നൽകിയില്ലെങ്കിലും ആക്ഷേപം.

LIBRARY ARCHIVES Kerala Legislative Assembly